(ബി) കെ.ടി. ജയകൃഷ്ണൻ, മനോജ്, കനകരാജ്, കൃഷ്ണൻ നായർ, ബാലൻ, കുഞ്ഞിക്കണ്ണൻ, പ്രകാശൻ എന്നീ ഏഴുപേർ കൊല്ലപ്പെട്ടു.

(സി) 32 പോലീസുകാരടക്കം 45 പേർക്ക് പരിക്കേറ്റു.

(ഡി) രണ്ട് പോലീസ് ജീപ്പ്, ഒരു പഞ്ചായത്ത് ജീപ്പ് എന്നിവ കേടുവരുത്തി. കെ.എസ്.ആർ.ടി.സി. യുടെ ഒരു ബസ്സ് തടഞ്ഞുനിർത്തി ആക്രമിച്ചു. ഒരു പോലീസ് ബസ് കത്തിച്ചു. കൂടാതെ ഒരു പഞ്ചായത്ത് സാംസ്ക്കാരിക നിലയം ഗ്രാമസേവാ സമിതി ഓഫീസ്, കടകൾ, വീടുകൾ, പാർട്ടി ഓഫീസുകൾ എന്നിവ ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. കെ.ടി. ജയകൃഷ്ണന്റെ വധത്തെത്തുടർന്ന് അക്രമം ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് പോസ്റ്റുകൾ ഏർപ്പെടുത്തുകയും, ആയുധങ്ങളും സ്ഫോടക വസ്തുക്കളും കണ്ടെടുക്കുന്നതിനും പ്രതികളെ അറസ്റ്റുചെയ്യുന്നതിനും വ്യാപകമായ തിരച്ചിൽ നടത്തുകയും, കൂടുതൽ സായുധ പോലീസുകാരെ സംഘർഷ മേഖലയിൽ വിന്യസിക്കുകയും, സീനിയർ പോലീസ് ഓഫീസർമാർ നേരിട്ട് സ്ഥിതിഗതികൾ നിയന്ത്രിക്കാൻ മേൽനോട്ടം വഹിക്കുകയും ചെയ്തു. കൂടാതെ പ്രശ്നബാധിത പ്രദേശങ്ങൾ ഉൾപ്പെടുന്ന പാനൂർ, കൂത്തുപറമ്പ്, ചൊക്ളി, ധർമ്മടം, കൊളുവല്ലൂർ എന്നീ പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിലും തലശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുനിസിപ്പൽ പ്രദേശം ഒഴികെയുള്ള സ്ഥലത്തും 1.12.99 തീയതി മുതൽ 11 ദിവസത്തേയ്ക്കും ഐ.പി.സി. 144 പ്രകാരം ജില്ലാ കളക്ടർ നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തു. ഈ നടപടികൾ ഫലപ്രദമായിരുന്നു.

തിരുവനന്തപുരം ജില്ലയിലെ ഹർത്താൽ

32 (743) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 2-ന് കോൺഗ്രസ്(ഐ)യും ബി.ജെ.പി.യും ആഹ്വാനം ചെയ്ത തിരുവനന്തപുരം ജില്ലാ ഹർത്താലിന്റെ ഭാഗമായി നടന്ന അക്രമ സംഭവങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി.ബസ്സുകൾക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്;

(ബി) ഇതിനോടനുബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കോൺഗ്രസ്(ഐ), ബി.ജെ.പി. പ്രവർത്തകർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) ഹർത്താലിനോടനുബന്ധിച്ച് ജില്ലയിൽ എത്ര അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഇ) ഇതിൽ എത്ര പേർക്ക് എതിരെ കേസ് ചാർജ് ചെയ്തിട്ടുണ്ട്;

(എഫ്) ഈ അക്രമസംഭവങ്ങളോടനുബന്ധിച്ച് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 16 ബസ്സുകൾക്ക്.

(ബി) 16 കേസ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 112 ബി.ജെ.പി. പ്രവർത്തകർക്കും 35 കോൺഗ്രസ്സ് പ്രവർത്തകർക്കും എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 18 അക്രമ സംഭവങ്ങൾ

(ഇ) 170 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(എഫ്) ആകെ 58,500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഡിസംബർ 2-ാം തിയതി നടന്ന ഹർത്താൽ

33(744) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ 2-ന് ബി.ജെ.പി. നടത്തിയ ഹർത്താലിനോടനുബന്ധിച്ച് സംസ്ഥാനത്താകെ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ അക്രമസംഭവങ്ങളിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(സി) ഇതോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ എത്ര കെ.എസ്. ആർ.ടി.സി. ബസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ഫലമായി എത്ര ലക്ഷം രൂപയുടെ നഷ്ടം കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്;

(ഇ) അന്നേദിവസം നടന്ന അക്രമങ്ങളിൽ എത്ര പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(എഫ്) ഹർത്താലിന്റെ ഭാഗമായി പല ആഫീസുകളിലും കയറി ആർ.എസ്.എസ്. കാർ ജീവനക്കാരെ കയ്യേറ്റം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട എത്ര ആർ.എസ്.എസ്. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(എച്ച്) അക്രമങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ ആർ.എസ്.എസ്.കാരേയും അറസ്റ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 169 അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 105 പേർക്ക്

(സി) 59 കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ഒരു കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സിനും കേടുപാട് സംഭവിച്ചിട്ടുണ്ട്.

(ഡി) 2,80,250 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(ഇ) 38 പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(എഫ്) തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ അത്തരം സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) 826 ആർ.എസ്.എസ്/ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly